2009, ഖുത്വ്ബ നമ്പർ- 26

26.06.2009
ബയ്ത്തുൽ ഫുതൂഹ്,
ലണ്ടൻ

# പൊരുളറിഞ്ഞ് ആരാധിക്കുക.

കഴിഞ്ഞ ഖുത്വ്ബയിൽ വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ ഞാൻ പറഞ്ഞിരുന്നത് റസൂൽ (സ) തിരുമേനിയുടെ പ്രകാശത്തിൽ നിന്നും പ്രകാശം ഉൾകൊള്ളുന്നവരുടെ വീടുകളെയാണ് അല്ലാഹു ഉയർത്തുക എന്നതാണ്.അവർ ഈ പ്രകാശം സ്വീകരിച്ചുകൊണ്ട് അല്ലാഹുവിന്റെ സ്മരണ നിലനിറുത്തുകയും ചെയ്യുന്നു. തങ്ങളുടെ ആരാധനയിലേക്കും സദ്പ്രവർത്തിയിലേക്കും അവർ ശ്രദ്ധ തിരിക്കുന്നു. ഇത് സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ജമാഅത്തിന് നൽകിയിരിക്കുന്ന ഉപദേശങ്ങൾ ഇന്ന് ഞാൻ കേൾപ്പിക്കുന്നതാണ്.

മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യം ആരാധനയാണെന്നാണ് അല്ലാഹു പറയുന്നത്. എങ്ങിനെയാണ് ആരാധിക്കേണ്ടത്? ആരാധനയുടെ നിലവാരം എന്തായിരിക്കണം? എന്നീ കാര്യങ്ങളെക്കുറിച്ച്, കാലത്തിന്റെ ഇമാമും തിരുനബി(സ)യുടെ ആത്മീയപ്രകാശം ഏറ്റവും കൂടുതൽ കരഗതമാക്കിയ മഹാനും അല്ലാഹുവിന്റെ അദ്ധ്യാപനങ്ങളെക്കുറിച്ച് യഥാർത്ഥജ്ഞാനം കരസ്ഥമാക്കുകയും ചെയ്ത ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതു സംബന്ധമായി വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിൽ നമുക്ക് വിവരിച്ചുതരുന്നുണ്ട്. അഹ്മദികളായ നമുക്ക് ഇന്ന് കാലത്തിന്റെ ഇമാമിനെ സ്വീകരിച്ചതുകൊണ്ട് ഓരോ വിഷയത്തേക്കുറിച്ചും മാർഗനിർദ്ദേശങ്ങൾ കിട്ടികൊണ്ടിരിക്കുന്നു എന്നത് അല്ലാഹു നമ്മോട് ചെയ്തിരിക്കുന്ന വലിയ ഔദാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ശേഷം സ്ഥാപിതമായ ഖിലാഫത്ത് സംവിധാനവും കേന്ദ്രീയമായ സംവിധാനവും ഉള്ളതുകൊണ്ട് അവിടെ നിന്നും അപ്പപ്പോൾ ഓരോ കാര്യത്തേക്കുറിച്ചും നമ്മേ ഉണർത്തിക്കൊണ്ടിരിക്കുന്നു.

ഖിലാഫത്തും ജമാഅത്തും തമ്മിലുള്ള പ്രത്യേകമായ ബന്ധം കാരണം- ആ ബന്ധം ബൈഅത്തിന്റെ പ്രതിബന്ധത കാരണം സുശക്തമായിക്കൊണ്ടിരിക്കുന്നതാണ്- സംസ്ക്കരണകാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുമ്പോൾ ഒരുവിധ സങ്കോചവും കൂടാതെ ഖിലാഫത്ത് പറയുന്ന കാര്യത്തിലേക്ക് ജമാഅത്ത് ശ്രദ്ധ തിരിക്കുന്നു. എന്നാൽ മറ്റു മുസ്ലിംകൾ ഈ അനുഗ്രഹത്തിൽ നിന്നും അകറ്റപ്പെട്ടവരാണ്. കഴിഞ്ഞ ദിവസം യു.കെ. ഖുദ്ദാമുൽ അഹ്മദിയ്യാ മജ്‌ലിസ് ആമിലയുടെയും ഖാഇദുമാരുടെയും ഒരു മീറ്റിംഗ് എന്റെ സാന്നിദ്ധ്യത്തിൽ നടന്നിരുന്നു. ഏതോ ഒരു കാര്യത്തിൽ ഞാൻ അവരോട് പറഞ്ഞു; ഞാൻ പറയുന്ന കാര്യങ്ങളനുസരിച്ച് നിങ്ങൾ പ്രവർത്തിക്കുന്നില്ല. അതിനുശേഷം ഖുദ്ദാമുൽ അഹ്മദിയ്യാ സദർ വളരെ മനഃപ്രയാസത്തോടെ എന്റെ അടുത്ത് വന്നുകൊണ്ട് ക്ഷമാപണം ചെയ്യുകയുണ്ടായി. രേഖാമൂലവും ക്ഷമാപണം ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു; ഞങ്ങൾ ഇനി എല്ലാ നിർദ്ദേശങ്ങളും നടപ്പിൽ വരുത്താൻ പൂർണ്ണമായും പരിശ്രമിക്കുന്നതാണ്. മജ്‌ലിസ് ആമില മെമ്പർമാരും ക്ഷമാപണം ചെയ്തുകൊണ്ട് കത്തുകളയക്കുകയുണ്ടായി. ഇതാണ് ഖിലാഫത്തും ജമാഅത്തും തമ്മിലുള്ള ബന്ധം. ഈ ബന്ധം കാണുമ്പോൾ ഹൃദയം അല്ലാഹുവിന്റെ കൃതജ്ഞതാപ്രകടനത്തിലും സ്തുതിയിലും നിറഞ്ഞുപോകുന്നു. ഭൗതികത കൊടികുത്തിവാഴുന്ന ഇക്കാലത്ത്, അതും ഭൗതികതയുടെ കേന്ദ്രമായ ഈ നാട്ടിൽ, ഭൗതിക വിദ്യഭ്യാസം കരസ്ഥമാക്കിയ ഈ ജനവിഭാഗം, മാത്രമല്ല ഭൗതികജോലികളിൽ നിമഗ്നനായിരിക്കുകയും ചെയ്യുന്ന ഈ ജനത, ദീനിനു വേണ്ടിയും ഖിലാഫത്തിനോടുള്ള ബന്ധവും കാരണം സമ്പൂർണ്ണ കൂറും സമർപ്പണവും പ്രകടിപ്പിക്കുന്നവരാണ്. ഇതിനു കാരണം ഹദ്റത്ത് മസീഹ് മൗഊദ് (അ) അല്ലാഹുവുമായി ബന്ധപ്പെടാനുള്ള മാർഗം നമുക്ക് കാണിച്ചു തന്നതുകൊണ്ടാണ്. അത് നമ്മുടെ ഉത്തരവാദിത്വങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കുന്നതോടൊപ്പം സമസൃഷ്ടി സേവനത്തിലേക്കും ശ്രദ്ധതിരിക്കുന്നു. എന്നാൽ മറ്റു മുസ്ലിംകൾക്ക് ഈ ഒരാഗ്രഹം ഇല്ല.

കഴിഞ്ഞ ദിവസങ്ങളിൽ ഒരു അനഹ്മദീസുഹൃത്ത് എന്നെ കാണാൻ വന്നിരുന്നു. അദ്ദേഹം വിദ്യാസമ്പന്നനും മീഡിയായിൽ നല്ല പേരുകേട്ട വ്യക്തിയുമാണ്. അദ്ദേഹം ചോദിക്കുന്നു: 62 വർഷം മുമ്പ് വരെ കാണാൻ സാധിക്കാത്തതരത്തിൽ ഇന്ന് പാക്കിസ്ഥാനിലെ പള്ളികളെല്ലാം നിറഞ്ഞിരിക്കുന്നുണ്ട്, ഹജ്ജിന് പോകുന്നവരാണെങ്കിൽ മുമ്പെങ്ങും കാണാത്തത്രയുമുണ്ട്, മറ്റു പല നന്മകളും അദ്ദേഹം എണ്ണുകയുണ്ടായി, ഇതെല്ലാമായിരുന്നിട്ടുകൂടി ഇതുകൊണ്ടുണ്ടാകേണ്ട ഫലം ഒന്നും കാണുന്നില്ല. അത് എന്തുകൊണ്ടാണ്? ഉടനെ അദ്ദേഹം പറഞ്ഞു, പള്ളിക്കു പുറത്തുള്ള ഇവരുടെ ഇടപാടുകൾ ഒട്ടും ശരിയല്ല.ഇവരുടെ ഹൃദയം ശുദ്ധമല്ല.മസ്ജിദിൽ നിന്നും പുറത്തിറങ്ങിക്കഴിഞ്ഞാൽ ഇവരുടെ പ്രവർത്തനങ്ങളൊന്നും മോശമാണ് . ഇത് കേട്ടപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു. ഒരു കാര്യം നാം ഓർക്കേണ്ടത്, നമ്മുടെ ഇബാദത്തുകളും മറ്റു നന്മകളും എല്ലാം ഫലം നൽകുന്നത് ഇതെല്ലാം ദൈവപ്രീതിക്കു വേണ്ടിയാണോ നാം ചെയ്യുന്നത് എന്ന ഒരാത്മപരിശോധന ഇതിനോടൊപ്പം നടത്തുമ്പോഴാണ്. ഞങ്ങൾ ഇബാദത്ത് ചെയ്യുന്നുണ്ട്, അതല്ല ഞങ്ങൾ ഇസ്ലാമിക രീതികൾ നടപ്പിൽ വരുത്തുന്നുണ്ട്, ഞങ്ങളുടെ വേഷഭൂശാദികളിൽ ഇസ്ലാമിന്റെ തനതായ രൂപം ഉണ്ട് എന്ന് കരുതിയാൽ മതിയാകുന്നതല്ല, ഇത് മാത്രം ഒരു നന്മയല്ല. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ഒരു വചനം എനിക്കപ്പോൾ ഓർമ്മ വന്നു, നിങ്ങൾ എന്ത് പ്രവർത്തിക്കുന്നുണ്ടെന്ന് ജനങ്ങൾ നോക്കും എന്നതിൽ ഒരു സന്ദേഹവും വേണ്ട. എന്നാൽ നിങ്ങൾ എപ്പോഴും സ്വയം ഒരാത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്.ഇവൻ വലിയ നമസ്ക്കാരനാണ്,നോമ്പുകാരനാണ്, ഹാജിയാണ് എന്ന് ജനങ്ങൾ പറഞ്ഞതുകൊണ്ട് നന്മകൾ ആയിത്തീരണമെന്നില്ല. ഈ പ്രവർത്തനങ്ങളെല്ലാം ഞാൻ ചെയ്യുന്നത് അല്ലാഹുവിന് വേണ്ടിതന്നെയാണോ എന്ന് ചിന്തിക്കുക. അല്ലാഹുവിന് വേണ്ടിയാകുമ്പോഴാണ് അത് നന്മയായി തീരുന്നത്. ഇങ്ങനെയുള്ള ആത്മപരിശോധനയാണ് ആവശ്യം. അപ്പോൾ മാത്രമേ ഈ നന്മയുടെ പ്രതികരണം പ്രകടമാവുകയുള്ളൂ.

രണ്ടാമത്തെ കാര്യം ഞാൻ അദ്ദേഹത്തോട് പറഞ്ഞത് നിങ്ങൾ അംഗീകരിക്കില്ലെങ്കിലും ഞാൻ പറയാം. ഈ കാലഘട്ടത്തിലെ ഇമാമിനെ അംഗീകരിക്കാത്തിടത്തോളം നിങ്ങൾ ഇതുവരെ എണ്ണിപ്പറഞ്ഞ നന്മകളൊന്നും ശരിയായ ദിശയിലല്ല പോകുന്നത് എന്ന് മനസ്സിലാക്കണം. ഇവയെല്ലാം ശൈത്താൻ തിന്മയിലേക്ക് പരിവർത്തനം ചെയ്യുന്നു.നമ്മുടെ ഇടപെടലുകൾ ശരിയല്ലാത്തതിനും, ഹൃദയം നേരെയാവാത്തതിനും കുഴപ്പങ്ങൾ ഉണ്ടാകുന്നതിനുമെല്ലാം കാരണം ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ അംഗീകരിക്കാത്തതും അദ്ദേഹത്തിനു ശേഷം ഖിലാഫത്തിനെ അംഗീകരിക്കാത്തതുമാണ്.

ഇബാദത്തുകളുടെ രീതിയും നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്

(അ) ആണ് പഠിപ്പിച്ചത്.ഖുർആനും ശരീഅത്തും എല്ലാം ഒന്നുതന്നെ, എന്നിരുന്നാലും അതിന്റെയെല്ലാം യഥാർത്ഥജ്ഞാനം തിരുനബി (സ)യുടെ യഥാർത്ഥ പ്രേമിക്കാണ് അല്ലാഹു നൽകിയിരിക്കുന്നത്. അല്ലാഹുവിനോടുള്ള ശരിയായ ഭയഭക്തിയും തിരുനബി(സ)യോടുള്ള സംശുദ്ധമായ പ്രേമവും നമ്മുടെ ഹൃദയത്തിൽ ഉത്തേജിപ്പിച്ചത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആണ്. ഇതിനെയെല്ലാം അംഗീകരിക്കുകയും അതനുസരിച്ച് ഒരു ആത്മപരിശോധനയ്ക്ക് നമ്മെ വിധേയമാക്കുകയും ചെയ്യുകയാണെങ്കിൽ നമ്മുടെ ഇബാദത്തുകൾ നമുക്ക് പ്രയോജനം നൽകുന്നതാണ്.അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്ന വിജ്ഞാനശേഖരത്തെ അയവിറക്കിക്കൊണ്ടിരിക്കുക എന്നത് ഓരോ അഹ്മദിയുടേയും കടമയാണ്. വായിക്കാൻ കഴിയുന്നവർ വായിക്കണം. കേൾക്കാൻ കഴിയുന്നവർ കേൾക്കണം. പിന്നീട് അതനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുക.

ഇബാദത്തിന്റെ പൊരുളെന്താണെന്നതിനെക്കുറിച്ച് വിവിധ സ്ഥലങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിച്ചിട്ടുണ്ട്. വിശുദ്ധഖുർആനിൽ പ്രാരംഭ അദ്ധ്യായത്തിൽ തന്നെ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ എന്ന പ്രാർത്ഥന നമ്മേ പഠിപ്പിക്കുന്നു. അതിന്റെ പൊരുൾ എന്താണ്? ഇതു നമസ്ക്കാരത്തിൽ നിത്യവും നാം പാരായണം ചെയ്യുന്നു. അത്രതന്നെ. എന്നാൽ നാം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വീക്ഷണത്തിലൂടെ നോക്കുമ്പോഴാണ് അതിന്റെ അകക്കാമ്പ് നമുക്ക് മനസ്സിലാകുന്നതാണ്. ഒരു സ്ഥലത്ത് ഇപ്രകാരം അരുളുന്നു. اِیَّاکَ نَعۡبُدُ എന്ന അല്ലാഹുവിന്റെ വചനത്തിൽ നിന്നും ലഭിക്കുന്ന മറ്റൊരു സൂചന, അല്ലാഹു ഈ ആയത്തിലൂടെ തന്റെ ദാസന്മാരോട് പറയുന്നത്, അവനെ അനുസരിക്കുന്ന കാര്യത്തിൽ നിശ്ചയദാർഢ്യത്തോടും കഠിനാദ്ധ്വാനത്തോടും കൂടി പരിശ്രമിക്കണം എന്നതാണ്. ആജ്ഞാനുവർത്തികളെപ്പോലെ എപ്പോഴും ലബൈക്ക്, ലബൈക്ക് എന്ന് പറഞ്ഞുകൊണ്ട് അവന്റെ സവിധത്തിൽ തയ്യാറായി നിൽക്കുക. അതായത് ഈ ദാസർ ഇപ്രകാരം പറയുകയാണെന്ന് കരുതുക. ഞങ്ങളുടെ നാഥാ ഞങ്ങൾ മുജാഹിദാത്ത് (കഠിനപ്രയത്നം) ചെയ്യുന്നതിനും നിന്റെ കൽപനകൾ പ്രവാർത്തികമാക്കുന്നതിനും നിന്റെ പ്രീതി കരസ്ഥമാക്കുന്നതിനും ഒരു വിധ കുറവും വരുത്തുന്നതല്ല. ഇതിന്നായി ഞങ്ങൾ നിന്നോട് തന്നെ സഹായം അർത്ഥിക്കുന്നു. അഹങ്കാരം, പ്രകടനാത്മകത, എന്നീ ദുർഗുണങ്ങളിൽ അകപ്പെട്ടു പോകുന്നതിൽ നിന്നും നിന്നിൽ ശരണം പ്രാപിക്കുന്നു.

ഞങ്ങളുടെ പ്രവർത്തനങ്ങൾ മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ആകാതിരിക്കട്ടെ. ഹിദായത്തിലേക്കും നിന്റെ പ്രീതിയിലേക്കും കൊണ്ടുപോകുന്ന മാർഗം ലഭിക്കാൻ നിന്നോട് തന്നെ സഹായം തേടുന്നു. നിന്നെ അനുസരിക്കുന്നതിലും നിന്നെ ആരാധിക്കുന്നതിലും ഞങ്ങൾ ദൃഢചിത്തരാണ്. അതിനാൽ ഞങ്ങളെ നീ നിന്റെ ആജ്ഞാനുവർത്തികളുടെ ഗണത്തിൽ രേഖപ്പെടുത്തേണമേ.

ഇവിടെയുള്ള മറ്റൊരു സൂചന ഇതാണ്. ദാസൻ പറയുന്നത് എന്റെ നാഥാ! ആരാധന ഞങ്ങൾ നിനക്ക് വേണ്ടി മാത്രമാക്കിയിരിക്കുന്നു. മറ്റെല്ലാത്തിനേക്കാളും നിനക്ക് ഞങ്ങൾ മുൻഗണന നൽകിയിരിക്കുന്നു. നിന്നെയല്ലാതെ മറ്റൊന്നിനേയും ഞങ്ങൾ ആരാധിക്കുന്നതല്ല. നിന്നെ ഞങ്ങൾ ഒരുവനും ഏകനുമായി കരുതുന്നു. ഈ ദുആ എല്ലാ സഹോദരന്മാർക്കു കൂടി ഉള്ളതാണ്. ദുആ ചെയ്യുന്ന വ്യക്തിക്ക് സ്വന്തമായിട്ടല്ല പ്രാർത്ഥിക്കുന്നത്. ഇവിടെ അല്ലാഹു മുസ്ലിംകളോട് പരസ്പരം സൗഹാർദ്ദത്തിലും ഐക്യത്തിലും നിലകൊള്ളാൻ പ്രേരണ നൽകുകയാണ്. ദുആ ചെയ്യുന്ന വ്യക്തി തന്റെ നന്മക്കായി സ്വയം പ്രയാസങ്ങൾ സഹിക്കുന്നതുപോലെ തന്റെ സഹോദരന്റെ നന്മക്കായും തന്നെ പ്രയാസങ്ങളിൽ അകപ്പെടുത്തുന്നതാണ്. തന്റെ ആവശ്യനിർവ്വഹണത്തിന് സ്വയം അസ്വസ്തനാകുന്നതുപോലെ തന്റെ സഹോദരന്റെ ആവശ്യനിർവ്വഹണത്തിനും അവൻ വ്യാകുലചിത്തനും അസ്വസ്തനുമാകുന്നു. തനിക്കും തന്റെ സഹോദരനും ഇടയിൽ ഒരു വ്യത്യാസവും അവൻ കൽപിക്കുന്നില്ല. ഹൃദയാത്മനാ അവന്റെ ഗുണകാംക്ഷിയായിത്തീരുന്നു. ഇവിടെ അല്ലാഹു ശക്തമായ കൽപന നൽകികൊണ്ട് പറയുന്നത്; എന്റെ ദാസരെ! സഹോദരന്മാർക്കും സ്നേഹിതന്മാർക്കും പാരിതോഷികങ്ങൾ നൽകുന്നതുപോലെ പ്രാർത്ഥനയാകുന്ന പാരിതോഷികം പരസ്പരം നൽകുക. അവരെ ദുആകളിൽ ഉൾപ്പെടുത്തുന്നതിനായി നിങ്ങളുടെ പ്രാർത്ഥനകളെ വിശാലമാക്കുക. നിങ്ങളുടെ നിയ്യത്തുകളിൽ വ്യാപ്തി ഉണ്ടാക്കുക. നിങ്ങളുടെ ആഗ്രഹങ്ങളിൽ നിങ്ങളുടെ സഹോദരന്മാർക്കും ഇടം നൽകുക. പരസ്പരം സ്നേഹിക്കുന്ന കാര്യത്തിൽ ഉറ്റസഹോദരന്മാരെ പിതാവും പുത്രനും പോലെ ആയിത്തീരുക. (കറാമത്തുസ്വാദിഖിൻ എന്ന അറബി ഗ്രന്ഥത്തിൽ നിന്നുള്ള ചില ഭാഗങ്ങളാണ് ഞാൻ കേൾപ്പിച്ചത്.)

ഇബാദത്തുകളുടെ ശരിയായ സ്വാധീനം ഉണ്ടായിത്തീരാനുള്ള മാർഗങ്ങളാണിവ. നിയ്യത്തുകളിൽ വിശാലത ഉണ്ടായിരിക്കണം. നമ്മുടെ ആവശ്യങ്ങൾ മാത്രം മുമ്പിൽ വെച്ചുകൊണ്ട് പ്രവർത്തിക്കുകയാണെങ്കിൽ ആരാധനകൾ അത്ര സ്വാധീനം ചെലുത്തുന്നതല്ല. അതിന്റെ സദ്ഫലങ്ങൾ ദൃഷ്യമാകുകയില്ല. ഇബാദത്തിന് ശേഷം പരസ്പരം സ്നേഹത്തിന്റെ നീരുറവ പ്രത്യക്ഷമാകുന്നില്ലെങ്കിൽ, അങ്ങനെയുള്ള ഇബാദത്തുകൾ നിരീക്ഷണവിധേയമാക്കേണ്ടതാണ്. മറ്റുള്ള മുസ്ലീം പള്ളികളിൽ പോയി നോക്കിയാൽ അവിടെ ഹദ്റത്ത് മസീഹ് മൗഊദിന്നെതിരിലും ജമാഅത്തിന്നെതിരിലും ആക്ഷേപഹാസ്യങ്ങൾ കേൾക്കാവുന്നതാണ്. പള്ളികൾ നിന്ന് ഈ രീതിയിൽ അസഭ്യവാക്കുകൾ പുറപ്പെടുവിക്കുമ്പോൾ ഇത് പറയുന്ന ഇമാമുകളെ പിൻപറ്റി നമസ്കരിക്കുന്നവരുടെ അവസ്ഥ എന്തായിരിക്കും. ഇങ്ങനെയുള്ളവർ പുറംലോകത്ത് വന്ന് എങ്ങനെ നേരെയാകാനാണ്. അഹ്മദികളെ സംബന്ധിച്ചെടുത്തോളം ഇങ്ങനെയുള്ള ആക്ഷേപങ്ങൾ കേട്ടുകഴിഞ്ഞാൽ എന്തുചെയ്യണം എന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിച്ചുതന്നിട്ടുണ്ട്. അരുളുന്നു: "ക്ഷമ അമൂല്യ നിധിയാണ്. ജമാഅത്തംഗങ്ങൾ ക്ഷമയോടെ പ്രവർത്തിക്കേണ്ടതാണ്."

ചില സ്ഥലങ്ങളിൽ ഇങ്ങനെയുള്ള യോഗങ്ങൾ, പ്രസംഗങ്ങൾ ആക്ഷേപങ്ങൾ കേട്ട് ജമാഅത്തിലുള്ളവർ അക്ഷമരാകാറുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ഇന്ത്യയിൽ ഇതേ രീതിയിലുള്ള സംഭവങ്ങളുണ്ടായി. ജനങ്ങൾ അവിടെനിന്ന് വളരെ അസ്വസ്തരായി എനിക്ക് കത്തെഴുതി. ഇങ്ങനെയുള്ള സംഭവങ്ങളുണ്ടാകുമ്പോൾ നമുക്കുള്ള നിർദ്ദേശം നിങ്ങൾ ക്ഷമകൈകൊള്ളുക എന്നതാണ്. എതിരാളികളുടെ ക്രൂരതകൾക്ക് പകരം ക്രൂരത കാണിക്കരുത്. അസഭ്യങ്ങൾക്ക് പകരം അസഭ്യം പറയരുത്. ക്ഷമാശീലരെയാണ് അല്ലാഹു സഹായിക്കുകയുള്ളൂ. നമ്മുടെ ജമാഅത്തിലുള്ളവർ ആരെയെങ്കിലും ആക്രമിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. അല്ലാഹുവിന്റെ ഇൽഹാമുകളിൽ നിന്നും മനസ്സിലാകുന്നതും ക്ഷമ കൈ കൊള്ളുക എന്നതു തന്നെയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തുടർന്ന് അരുൾ ചെയ്യുന്നു. തിന്മ ചെയ്യുന്നവരോടും നന്മ ചെയ്യുക എന്നതാണ് നമ്മുടെ രീതി.

നാം അവരോട് നല്ലരീതിയിൽ പെരുമാറുന്നു. അവരുടെ ക്രൂരതകൾക്ക് സഹനം കൈകൊള്ളുന്നു. അവരുടെ ദുഷ്പെരുമാറ്റത്തെ അല്ലാഹുവിലേക്ക് വിടുക. അല്ലാഹുവിലേക്ക് വിടുമ്പോൾ നമ്മുടെ ശ്രദ്ധ അല്ലാഹുവിലേക്ക് തിരിയുന്നതാണ്. ആരാധനയിൽ നാം മുഴുകുകയും ചെയ്യും. തന്മൂലം അല്ലാഹു നമ്മെ സഹായിക്കാൻ വരുന്നതാണ്. ശത്രുക്കൾക്കുവേണ്ടി ദുആ ചെയ്യാനും അവർക്കായി മനസ്സു തുറന്നിടാനും ആ മഹാത്മാവ് നമ്മെ ഉപദേശിക്കുകയുണ്ടായി. ചുരുക്കത്തിൽ ഇവ്വിധകാര്യങ്ങളാണ് ഇബാദത്തുകളുടെ സ്വാധീനം നിലനിർത്തിക്കൊണ്ട് അതിന്റെ നല്ല പ്രതികരണങ്ങൾ ഇവിടെ പ്രകടമാക്കുക. ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ സമൂഹത്തെ ചിട്ടപ്പെടുത്തുന്ന രീതി ഇവിടെ വിവരിച്ചുതരുന്നു. ഓരോ അഹ്‌മദിയും ഇങ്ങനെയുള്ള കാര്യങ്ങൾ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിമാറ്റാൻ ശ്രമിക്കേണ്ടതാണ്. അതല്ലാതെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അംഗീകരിച്ചതുകൊണ്ടോ അദ്ദേഹത്തെ വാഗ്ദത്തമസീഹായി അംഗീകരിച്ചതുകൊണ്ടോ ഒരു ഗുണവും ചെയ്യില്ല. ഉത്തുംഗപദവികൾ കരസ്ഥമാക്കണമെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നൽകിയ അദ്ധ്യാപനങ്ങളനുസരിച്ച് ജീവിക്കേണ്ടതാണ്.

മുസ്‌ലിംകളായ എല്ലാവരും തന്നെ നമസ്കാരത്തെ ഒരു അടിസ്ഥാനകൽപനയായാണ് കാണുന്നത് എന്നതിൽ ഒരു സംശയവുമില്ല. പല സ്ഥലത്തും അല്ലാഹു ഇതുസംബന്ധമായി കൽപനകൾ നൽകിയിട്ടുണ്ട്. തിരുനബി(സ) നമ്മോട് കൽപിച്ചിട്ടുള്ളതാണ്. ഒരിക്കൽ ഒരു സമൂഹം ഇസ്‌ലാം മതം സ്വീകരിക്കുകയും അവരുടെ തൊഴിലിന്റെ പേരു പറഞ്ഞ് നമസ്കാരം ഞങ്ങൾക്ക് വിട്ടുവീഴ്ച ചെയ്തുതരണമെന്ന് അപേക്ഷിക്കുകയുണ്ടായി. അപ്പോൾ തിരുനബി(സ) അരുളിയത്, അല്ലാഹുവിന്റെ ആരാധനയില്ലാത്ത മതം മതം തന്നെയല്ലാ എന്നാണ്. ഇവിടെ നമസ്കാരത്തിന്റെ പ്രാധാന്യം എന്താണെന്ന് മനസ്സിലാക്കാം. താൻ മുസ്‌ലിമാണെന്ന് പറയുന്ന ഓരോ വ്യക്തിയും തന്നെ മനസ്സിലാക്കേണ്ട ഒരു കാര്യം നമസ്കാരം ഏതു രീതിയിൽ അനുഷ്ഠിക്കണം എന്നതാണ്. ഇതല്ലെങ്കിൽ ഞാൻ പ്രാരംഭത്തിൽ ഒരാളുടെ കാര്യം പറഞ്ഞതുപോലെ നമസ്കരിച്ചിട്ടും ജനങ്ങൾ നന്നാവുന്നില്ല എന്നു നാം പറയേണ്ടിവരും. അവരിലുള്ള ഒരു വലിയവിഭാഗം ആളുകൾ നമസ്കാരത്തിന്റെ പ്രാധാന്യം അറിയുന്നവരും അനുഷ്ഠിക്കുന്നവരുമാണെങ്കിൽകൂടി നമസ്കാരത്തിന്റെ പൊരുൾ അറിഞ്ഞ് നമസ്കരിക്കാത്തതുകൊണ്ട് അത് അവരിൽ ഒരു സ്വാധീനവും ചെലുത്തുന്നില്ല. വെറും പ്രകടനാത്മകമായി പലരും നമസ്കരിക്കുന്നവരുമുണ്ട്. ശ്രദ്ധാപൂർവ്വം നമസ്കരിക്കാൻ ശ്രമിക്കുന്നവരായി ചിലരുണ്ടെങ്കിലും നമസ്കാരത്തിന്റെ ആത്മാവെന്തെന്നറിയുകയോ അതിന്റെ അഗാധതലങ്ങളെക്കുറിച്ച് മനസ്സിലാക്കുകയോ ചെയ്യാത്തവരാണ് അവർ. ഇക്കാലത്ത് നമുക്ക് ഈ ജ്ഞാനങ്ങൾ നൽകുന്നതിന്നായി അല്ലാഹു ഒരുക്കിയ ആത്മീയ ഉറവയിൽനിന്നും ഈ പണ്ഡിതലോകം ജനങ്ങളെ ഭയപ്പെടുത്തിക്കൊണ്ട് അകറ്റി നിർത്തിയിരിക്കുകയാണ്. എന്നാൽ ഈ ആത്മീയ നീരുവറയിൽനിന്നും അഹ്‌മദികൾ ഇക്കാലത്ത് ഫലമെടുത്തുകൊണ്ടിരിക്കുന്നു. ഈ ഉറവിടത്തിന്റെ ഉത്ഭവസ്ഥാനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ(സ) തിരുമേനിയാണ്. ലോകത്ത് ആത്മീയ വിപ്ലവം ഉണ്ടാക്കുന്നതിന്നും അവസാന ശരീഅത്ത് ലോകത്ത് സ്ഥാപിക്കുന്നതിന്നും വേണ്ടി അല്ലാഹു തെരഞ്ഞെടുത്തത് വാഗ്ദത്ത മസീഹിനെയാണ്. ആരാധനയുടെ നിലവാരം ഉയർത്തുന്നതിന് നമ്മുടെ കടമകൾ എന്തെല്ലാമാണെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിക്കുന്നു.

ചിലർ പള്ളികളിൽ പോകുകയും നമസ്കരിക്കുകയും മറ്റ് ഇസ്‌ലാമികകാര്യങ്ങൾ എല്ലാം ചെയ്യുകയും ചെയ്യുന്നുണ്ട്. എന്നാൽ അല്ലാഹുവിന്റെ സഹായം അവരോടോപ്പമുണ്ടാവുന്നില്ല. അവരുടെ സ്വഭാവത്തിലോ ശീലങ്ങളിലോ പ്രത്യക്ഷമായി മാറ്റം ദർശിക്കാനും സാധിക്കുന്നില്ല. ഇതിൽനിന്നും മനസ്സിലാകുന്നത് അവരുടെ ആരാധന വെറും ഒരു ചടങ്ങുമാത്രമാണെന്നാണ്. കാരണം ദൈവീക നിർദ്ദേശം നടപ്പിൽവരുത്തുക എന്നത് ഒരു വിത്തുവിതക്കുന്നതിന് സമാനമാണ്. അതിന്റെ സ്വാധീനം ആത്മാവിലും ശരീരത്തിലും ഉണ്ടാകും. കർഷകൻ നിലം ഉഴുത്മറിച്ച് കഠിനപ്രയത്നത്തിലൂടെ അതിൽ വിത്തുവിതക്കുന്നു. ഒന്നുരണ്ട് മാസം കാത്തിരുന്നിട്ടും വിത്ത് മുളക്കുന്നില്ലെങ്കിൻ വിത്ത് കേടുവന്നു എന്നാണ് മനസ്സിലാക്കുക. ഇബാദത്തിന്റെയും അവസ്ഥ ഇതുതന്നെയാണ്. ഒരു വ്യക്തി അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് മനസ്സിലാക്കുകയും നമസ്കരിക്കുകയും നോമ്പ് അനുഷ്ഠിക്കുകയും കഴിവനുസിച്ച് ദൈവീകകൽപനകൾ നടപ്പിൽ വരുത്താൽ ശ്രമിക്കുകയും ചെയ്തിട്ടും അല്ലാഹുവിൽനിന്ന് അവർക്ക് പ്രത്യേകമായ സഹായമൊന്നും ലഭിക്കുന്നില്ലെങ്കിൽ അവൻ നടുന്ന വിത്ത് നല്ലതല്ല എന്നു മനസ്സിലാക്കേണ്ടതാണ്.

ആരാധനകൊണ്ട് അല്ലാഹുവുമായുള്ള ബന്ധം വർദ്ധിക്കണമെന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇവിടെ പറയുന്നത്. ഇബാദത്തുകൊണ്ടുള്ള സദ്ഫലങ്ങൾ സാമൂഹ്യബന്ധത്തിലും പ്രകടമാകേണ്ടതാണ്. ചിലർ വ്യക്തിപരമായ ആവശ്യങ്ങൾക്കായി പ്രാർത്ഥിച്ചതിനുശേഷം പറയാറുള്ളത് എന്തുമാത്രം ദുആ ചെയ്തിട്ടും സ്വീകരിച്ചില്ല എന്നാണ്. വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ദുആയുടെ സ്വീകാര്യത മാത്രമാണ് അങ്ങിനെയുള്ളവർ ദൈവീകമായി ബന്ധമുണ്ട് എന്നതിനുള്ള മാനദണ്ഡമായി മനസ്സിലാക്കിയത്. എന്നാൽ ഒരു സ്ഥലത്ത് നിങ്ങളുടെ ദുആകൾ നാം സ്വീകരിക്കും എന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടെങ്കിൽ മറുവശത്ത് ജീവൻ കൊണ്ടും ധനം കൊണ്ടും മക്കളെകൊണ്ടും എല്ലാം പരീക്ഷിക്കുന്നതാണെന്നും അല്ലാഹു പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ ആരാധനകൾ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനും ഹൃദയസംതൃപ്തിക്കും വേണ്ടിയായിരിക്കുണം. കാരണം അല്ലാഹു പറയുന്നു, നിങ്ങൾ എന്നെ സ്മരിക്കുക, ഹൃദയസംതൃപ്തി നിങ്ങൾക്ക് ലഭിക്കുന്നതാണ്. ഇതിൽ മുന്നേറാൻ നാം ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന്നും സമൂഹത്തിൽ ശാന്തിയും സമാധാനവും ഉണ്ടാക്കുന്നതിന്നുമായി നാം പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഇതും ഇബാദത്തുകൾ കൊണ്ടുള്ള നേട്ടങ്ങൾ തന്നെയാണ്. നമ്മുടെ വ്യക്തിപരമായ ദുആകൾ അല്ലാഹു സ്വീകരിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും ശരി. കാരണം അല്ലാഹുവുമായുള്ള ഒരു ബന്ധമാണ് ആവശ്യം. അത് വർദ്ധിക്കുന്നുണ്ടോ എന്ന് നോക്കുക. ഈ ഒരു ബന്ധം ഉണ്ടാക്കിത്തീർക്കുന്നതിന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗതരായത്. സൃഷ്ടാവിനോടുള്ള ബന്ധവും സൃഷ്ടസേവനവും ഉണ്ടാക്കിത്തീർക്കുക എന്നതാണ് ഇബാദത്തിന്റെ ലക്ഷ്യം. ഇത് കരസ്ഥമാക്കാൻ ഓരോ അഹ്‌മദിയും ശ്രമിക്കേണ്ടതാണ്. നമ്മുടെ ആരാധനയുടെ നിലവാരം ഉയർത്തിക്കൊണ്ടിരിക്കുകയും വേണ്ടതാണ്.

നമസ്കാരം ഏതുരീതിയിൽ ആയിരിക്കണമെന്നതിനെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുളുന്നു,"ഒരു ചടങ്ങ് എന്ന രീതിയിൽ സാധാരണ നമസ്കരിച്ചുവരുന്ന നമസ്കാരമല്ല നാം ഉദ്ദേശിക്കുന്നത്. മറിച്ച് മനുഷ്യന്റെ ഹൃദയം അലിഞ്ഞ് അല്ലാഹുവിന്റെ സവിധത്തിൽ വീണുകൊണ്ട് ഉരുകി ഒലിക്കുന്ന അവസ്ഥ ഉണ്ടായിത്തീരണം."

അരുളുന്നു, ഓർക്കുക നമസ്കാരം മൂലം ദുൻയാവും ദീനും ശരിയാകും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയ ഉപദേശങ്ങളുടെ അതി വിപുലമായ ശേഖരത്തിൽനിന്നുള്ള അൽപം ചില കാര്യങ്ങളാണി വ. ഇത് പിൻപറ്റിക്കൊണ്ട് ദീനും ദുൻയാവും അല്ലാഹു ശരിയാക്കു മാറാകട്ടെ. ഇന്ന് ലോകത്തിന്റെ മുമ്പാകെ ഹദ്റത്ത് മസീഹ് മൗഊദ് (അ) വാദം സമർപ്പിക്കുമ്പോൾ പള്ളികൾ നിറഞ്ഞിട്ടുകൂടി എന്തു കൊണ്ട് സമൂഹത്തിന്റെ നാനാഭാഗത്തും അസ്വസ്ഥജനകമായ അന്ത രീക്ഷം നിലനിൽക്കുന്നു എന്ന് നാം സമൂഹത്തോട് ചോദിക്കുമ്പോൾ നാം നമ്മെ കുറിച്ചും അൽപം ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഉള്ളറകളിലേക്കും ഒരെത്തിനോട്ടം നടത്തേണ്ടതായിട്ടുണ്ട്. മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യമായി അല്ലാഹു പറഞ്ഞ കാര്യങ്ങൾ നാമും മറ ന്നുപോയോ? ഈ ലക്ഷ്യം കരഗതമാക്കാനാണ് നാം കാലഘട്ടത്തിന്റെ ഇമാമിനെ സ്വീകരിച്ചതും ഇതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ഏറ്റുപറഞ്ഞതും.

അതുകൊണ്ട് ജമാഅത്തിലെ അംഗങ്ങളെ പൊതുവിൽ ഇക്കാ ര്യം ഉണർത്തുന്നതോടൊപ്പം പ്രത്യേകമായി ഉദ്യോഗസ്ഥർക്കും ഭാര വാഹികൾക്കും വാക്കിഫീനെ സിന്ദഗികൾക്കും ഈ സ്ഥാനം കര സ്ഥമാക്കുന്നതിലേക്ക് പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കേണമെന്ന് അപേ ക്ഷിക്കുന്നു. ഉദ്യോഗസ്ഥരും ഭാരവാഹികളും വക്ഫീനെ സിന്ദഗി കളും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകുകയാണെങ്കിൽ പള്ളി കളിൽ അംഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നതോടൊപ്പം ജമാഅ ത്തിന്റെ മൊത്തത്തിലുള്ള ആത്മീയാവസ്ഥയും വർദ്ധിക്കുന്നതാണ്. അഹ്മദീ സൊസൈറ്റികളിൽ ഇതുമുഖേന ശാന്തിയും സ്നേഹവും സഹവർത്തിത്വവും പ്രത്യേകരീതിയിൽ വളരുന്നതാണ്. ഭാരവാഹി കളുടെ പെരുമാറ്റം കാരണം ജമാഅത്തംഗങ്ങൾ അവരിലും ഒരു മാറ്റം ഉണ്ടാക്കുന്നതാണ്. ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് ഈ നന്മ പട രും. ആരുടെയെങ്കിലും പെരുമാറ്റം കാരണം മറ്റുള്ളവരിൽ നല്ല പരി വർത്തനം ഉണ്ടാവുകയാണെങ്കിൽ ആരുടെ പെരുമാറ്റം കാരണ മാണോ മാറ്റം ഉണ്ടായിട്ടുള്ളത് അദ്ദേഹത്തിനും മാറ്റം വരുത്തിയ വർക്ക് ലഭിച്ചതുപോലുള്ള പ്രതിഫലം ലഭിക്കുന്നതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക. ആരുടെയെങ്കിലും അറിവോ അഭിപ്രായം പറയാനുള്ള കഴിവോ അഡ്മിനിസ്ട്രേഷൻ പവറോ ഒന്നും തന്നെ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട്, അവന്റെ പ്രീതി ഒന്നുമാത്രം ലക്ഷ്യം വെച്ചുകൊണ്ട് വിനിയോഗിക്കുന്നില്ലെങ്കിൽ ഒരു അഹ്മദി എന്ന നിലക്ക് ഇതുകൊണ്ടൊന്നും അവന് ഒരു പ്രയോജ നവും ചെയ്യില്ല. അങ്ങിനെയുള്ള വ്യക്തികളുടെ ഒരാവശ്യവും ജമാ അത്തിനുമില്ല. അവർ വ്യർത്ഥമാണ്.

അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മിൽ നിന്ന് പ്രതീക്ഷിച്ചതനുസരിച്ച് ഉയരാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

സാഹിബ് സാദി അമത്തുൽ ഖയ്യും സാഹിബയെക്കുറിച്ച് അനു സ്മരണം നടത്താനാണ് ഞാൻ ഇനി ആഗ്രഹിക്കുന്നത്. അവർ രണ്ടു ദിവസം മുമ്പ് വഫാത്താകുകയുണ്ടായി. إِنَّا لِلّٰهِ وَإِنَّـــا إِلَيْهِ رَاجِعونَ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ന്റെ പെൺകുട്ടികളിൽ രണ്ടാമത്തെ പുത്രിയും സാഹിബ് സാദാ മുസഫ്ഫർ അഹ്മദ് സാഹിബിന്റെ പത്നിയുമായിരുന്നു. ഖലീഫത്തുൽ മസീഹ് അവ്വൽ (റ) ന്റെ മകൾ അമത്തുൽ ഹയ്യ് സാഹിബയുടെ മകളാണ്. 1914 ലാണ് ജനിച്ചത്. ഖാദിയാനാണ് ജന്മനാട്. ബൈത്തുൽ ഫിഖ്റിന്റെയും മസ്ജിദ് മുബാറക്കിന്റെയും അടുത്തുള്ള അമ്മാജാന്റെ മുറിയിലാണ് ജനി ച്ചത്. മൗലവി ഫാസൽ പഠിച്ചു. എച്ച്.എ.യും പഠിച്ചിരുന്നു. 4 വർഷം വരെ ലജ്ന വാഷിംഗ്ടണിന്റെ സദ്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) അവരെ അമേരിക്കയിലെ ലജ്ന ഇമാഇല്ലായുടെ മുശാവിറത്തീ കമ്മിറ്റിയുടെ പ്രത്യേക പ്രതി നിധിയായി നിയമിച്ചു. അവസാന നാൾ വരെ ഇതിൽ നിലനിന്നു.

92 വയസ്സ് ആയിരുന്നിട്ടുകൂടി അവരുടെ ഓർമ്മശക്തിക്ക് ഒന്നും സംഭവിച്ചിരുന്നില്ല. എല്ലാം സാധാരണ നിലയിലായിരുന്നു. ആദ്യകാലസംഭവങ്ങളും ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) മായി ബന്ധ പ്പെട്ട കാര്യങ്ങളും കേൾപ്പിച്ചുകൊണ്ടിരുന്നു. ദരിദ്രരെ സംരക്ഷിച്ചി രുന്നു. മറ്റുള്ളവർ അറിഞ്ഞും അറിയാതെയും ദരിദ്രരെ സഹായി ക്കുമായിരുന്നു. ചില വിധവകളേയും യതീമുകളേയും സ്ഥിരമായി പരിപാലിച്ചുപോന്നു. ജമാഅത്തിന് പുറത്തുള്ള ആതുരസേവന രംഗത്തും സംഘടനകൾക്കും സഹായം നൽകിയിരുന്നു. സദഖകൾ നൽകിയിരുന്നു. നമസ്കാരം വളരെ ഭക്തിയാദരവോടു കൂടിയാണ് അനുഷ്ഠിക്കാറുണ്ടായിരുന്നത്. നഫൽ നമസ്കാരങ്ങൾ പൊതു വിൽ ആരും കാണാതെയാണ് നമസ്കരിക്കാറുള്ളത്. അതല്ലാത്ത ചില നമസ്കാരങ്ങൾ എനിക്ക് കാണാൻ സാധിച്ചിട്ടുണ്ട്. അല്ലാഹു വുമായി പ്രത്യേക ബന്ധമായിരുന്നു. അവർ ഭയഭക്തിയോടുകൂടി നമസ്കരിക്കുന്നു എന്ന് അല്ലാഹു പറഞ്ഞവരുടെ ഗണത്തിൽ പെട്ട വരായിരുന്നു. വ്യർത്ഥമായ കാര്യങ്ങളിൽ നിന്നും വിട്ടുനിന്നിരുന്നു. വിനയവും എളിമയും വളരെ കൂടുതലായിരുന്നു. മിർസാ മുസഫ് ഫർ അഹ്മദ് സാഹിബ് പാക്കിസ്ഥാനിലും ഉന്നതപദവികളിലായി രുന്നിട്ടും വേൾഡ് ബാങ്കിൽ പ്രവർത്തിച്ചിരുന്നിട്ടും അവരെ കണ്ട വർ പറഞ്ഞത് മിർസാ മുസഫ്ഫർ അഹ്മദ് സാഹിബും അമത്തുൽ ഖയ്യും സാഹിബയും വളരെ വിനയത്തോടെയാണ് മുലാഖാത്ത് നട ത്താറുണ്ടായിരുന്നത് എന്നാണ്. പലരും ഇതു സംബന്ധമായി എ ന്നോട് പറഞ്ഞിട്ടുണ്ട്. അനുശോചനസന്ദേശങ്ങളിൽ പലരും ഈ കാ ര്യം എടുത്ത് പറയുന്നുണ്ട്. ദീനീസ്നേഹവും നല്ലതുപോലെ ഉണ്ടാ യിരുന്നു. ജമാഅത്തിനോടും ഖിലാഫത്തിനോടും വളരെ ആദരവാ യിരുന്നു.ശരിക്കും പർദ്ദ പാലിച്ചിരുന്നു. വീട്ടിൽ ചിലപ്പോൾ അടുത്ത ബന്ധുക്കൾ ആരെങ്കിലും വന്നാൽ അവരോട് മറയില്ലാതെ തന്നെ സംസാരിക്കാൻ അനുവാദമുള്ളവരായിട്ടും വന്ന വ്യക്തിയെ അറി ഞ്ഞിട്ടില്ലെങ്കിൽ അവരോടും മറക്കുപിന്നിൽ നിന്നാണ് സംസാരിച്ചി രുന്നത്. ശരിക്കും അറിഞ്ഞാൽ മാത്രമേ അവരുടെ മുമ്പിലേക്ക് വരി കയുള്ളൂ. ഇവർക്ക് മക്കളൊന്നും ഇല്ല. തന്റെ സഹോദരി സാഹിബ് സാദീ അമത്തുൽ ജമീൽ സാഹിബയുടെ- ഇവർ ഫതഹ് മുഹമ്മദ് സാഹിബ് സിയാലിന്റെ മരുമകളാണ് - മകനെ വളർത്തുപുത്രനായി എടുത്തിരുന്നു. വളരെ സ്നേഹിച്ചിരുന്നു. മാത്രമല്ല തർബിയത്തി നും വേണ്ടിയും ശരിക്കും പരിശ്രമിച്ചിരുന്നു. അല്ലാഹുവുമായി എപ്പോഴും ബന്ധം സ്ഥാപിക്കാൻ ഉപദേശിച്ചുകൊണ്ടിരുന്നു. വളർ ത്തുപുത്രൻ എനിക്കെഴുതി. ചെറുപ്പത്തിൽ തിരുനബി (സ) ന്റെയും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെയും ചെറിയ ചെറിയ സംഭവങ്ങൾ കേൾപ്പിക്കുമായിരുന്നു. അദ്ദേഹത്തിന്റെ കുട്ടികൾക്കും കേൾപ്പിക്കു മായിരുന്നു. സാഹിർ അഹ്മദ് സാഹിബ്- വളർത്തുപുത്രൻ- എനിക്ക് എഴുതി. അവർ വിശുദ്ധഖുർആൻ വളരെ ശ്രദ്ധാപൂർവ്വം വായിക്കുകയും ഓരോ പേജിലും നോട്സും എഴുതുമായിരുന്നു. വിശുദ്ധഖുർആന്റെ പേജുകളിലെല്ലാം കുറിപ്പുകൾ കാണാം.

ഖിലാഫത്തിനോടും പ്രത്യേകബന്ധമായിരുന്നു. ഖലീഫത്തുൽ മസീഹ് സാലിസിന്റെ കാലം ഞാൻ കണ്ടിട്ടുണ്ട്. മൂത്ത സഹോദര നായിരുന്നിട്ടുകൂടി ഖിലാഫത്തുമായുള്ള ബന്ധം അതൊന്നു വേറെ ത്തന്നെയായിരുന്നു. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ഇളയ

സഹോദരനായിരുന്നു. ഖലീഫയായതിനുശേഷം പ്രത്യേകമായ ഒരാ ദരവും ബന്ധവും ആണ് ഉണ്ടായിരുന്നത്. ആരോ എനിക്കെഴുതി.

ഇസ്‌ലാമബാദിൽ നടന്ന ആദ്യജൽസയിൽ ഖലീഫത്തുൽ മസീഹ് റാബിഅ് പങ്കെടുത്തിരുന്നു. അമത്തുൽ ഖയ്യും സാഹിബ ഒരു സ്ഥലത്ത് ഇരിക്കുകയായിരുന്നു. അവരുടെ കൂടെയുള്ള സേവകയോട് അവരേയുംകൂട്ടി ഖലീഫത്തുൽ മസീഹിന്റെ അടുത്ത് വരണമെന്ന് പറഞ്ഞു. ഈ സന്ദേശം അവർ കേൾക്കുകയും സേവക തയ്യാറാകുന്നതിനുമുമ്പേ തന്നെ മഹതി എഴുന്നേറ്റ് ഖലീഫയുടെ അടുത്തേക്ക് നടന്നുതുടങ്ങി. വളരെ വേഗത്തിലാണ് നടന്നത്. ഡ്യൂട്ടിയിലുള്ളവർക്ക് അവരുടെ പിന്നാലെ ഓടേണ്ടിവന്നു. അവർ ഇപ്രകാരം പറയുന്നുണ്ടായിരുന്നു. ഹുസൂർ എന്നെ വിളിക്കുന്നുണ്ട്. അതുകൊണ്ട് വേഗം പോകണം.

ഇത് തന്റെ പിതാവ് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ന്റെ തർബിയ്യത്തിന്റെ ഫലമാണ്. അതേ പോലെ തന്റെ മാതൃപിതാവ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിളികേട്ട് ഉടനെ പുറപ്പെട്ട സന്ദർഭവും ഓർമ്മ വന്നിട്ടുണ്ടാവാം. ഞാൻ അവരുടെ സഹോദരിപുത്രനായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) എന്നെ റബ്‌വയിലെ നാസിർ അഅ്‌ലയും അമീർ മഖാമിയുമായി നിയമിച്ചതിനു ശേഷം അവർക്ക് പ്രത്യേകമായ ഒരടുപ്പം എന്നോടുണ്ടായിരുന്നു. ഇതിനു ശേഷം ആദ്യമായി അമേരിക്കയിൽ നിന്നും വന്നപ്പോൾ എന്നോടുള്ള ആദരവും ബഹുമാനവും കണ്ട് ഞാൻ നാണിച്ചു പോയി. ജമാഅത്തിന്റെ ഭാരവാഹികളെ വളരെയധികം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന അവരുടെ ആ സദ്ഗുണം എനിക്ക് അപ്പോഴാണ് വെളിപ്പെട്ടത്. മറ്റു ഇതരബന്ധത്തെക്കാളും ഇതിന് അവർ ശ്രേഷ്ഠത നൽകിയിരുന്നു. ഖലീഫ ആയതിനു ശേഷം ഈ ബന്ധം ഒന്നു കൂടി ശക്തിപ്പെടുകയുണ്ടായി. ഖലീഫത്തിൽ മസീഹ് സാലിസിനോടും ഖലീഫത്തുൽ മസീഹ് റാബിഇനോടും അവർക്കുണ്ടായിരുന്ന ബന്ധവും എന്നോടുള്ള ബന്ധവും ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. അതിലൊന്നിലും ഒരു നേരിയ വ്യത്യാസം പോലും എനിക്ക് കാണാൻ സാധിച്ചിട്ടില്ല. ഖിലാഫത്തിനോട് വളരെയധികം ആദരവാണ് പ്രകടിപ്പിച്ചിരുന്നത്.

ഞാൻ അമേരിക്കയിൽ പോയപ്പോൾ അവരുടെ വീട്ടിൽ താമസിക്കാൻ അവർ നിർബന്ധിച്ചിരുന്നു. എന്നാൽ ജമാഅത്തിന്റെ പ്രോഗ്രാമും മറ്റും കാരണം അവരുടെ ക്ഷണം എനിക്ക് നിരസിക്കേണ്ടതായി വന്നു. ഞാൻ താമസിച്ചത് മസ്ജിദിനോട് ചേർന്നുള്ള മിഷൻ ഹൗസിലായിരുന്നു. എന്നാൽ അവരെ കാണാൻ വീട്ടിൽ ചെന്നപ്പോൾ എന്തൊന്നില്ലാത്ത സന്തോഷമായിരുന്നു അവർക്ക്. അവർക്ക് ഖിലാഫത്തിനോടുള്ള ഈ ബന്ധം കാരണം അവരുടെ സഹോദരിപുത്രനും കൂടിയായ വളർത്തുപുത്രനും ഭാര്യക്കും കുട്ടികൾക്കും ഖിലാഫത്തിനോട് പ്രത്യേകമായ ഒരു ബന്ധം നിലനിൽക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥങ്ങൾ വളരെ ആഴത്തിൽ പഠിച്ചിരുന്നു. ആരോ എന്നോട് പറഞ്ഞത് അവർ ഏഴ് പ്രാവശ്യം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ എല്ലാ ഗ്രന്ഥങ്ങളും വായിച്ചിട്ടുണ്ടെന്നാണ്. എന്നാൽ ജ: സാഹിർ അഹ്മദ് സാഹിബ് പറഞ്ഞത് ഒമ്പത് പ്രാവശ്യം പൂർണ്ണമായും വായിച്ചു എന്നാണ് എന്നോട് പറഞ്ഞത് എന്നാണ്.

ഒരു മാസമായി രോഗശയ്യയിലായിരുന്നു. അവരുമായി രണ്ട് പ്രാവശ്യം ഫോണിൽ സംസാരിക്കാൻ സാധിച്ചു. ജ: സാഹിർ സാഹിബ് എന്നോട് പറഞ്ഞത് ഫോണിൽ സംസാരിക്കുന്നതിനു മുമ്പ് വരെ അവരെ ഭക്ഷണം കഴിപ്പിക്കാൻ ആവുന്നത്ര ശ്രമിച്ചു നോക്കി. എന്നാൽ ഭക്ഷണം കഴിക്കുന്നുണ്ടായിരുന്നില്ല. എന്നോട് ഫോണിൽ സംസാരിച്ചതിനു ശേഷം അവരോട് പറഞ്ഞു; ഹുസൂറിനോട് സംസാരിച്ചു കഴിഞ്ഞല്ലോ! ഇനി ഭക്ഷണം കഴിക്കൂ. ഇതും പറഞ്ഞ് ഞാൻ എന്റെ മറ്റു ജോലിയിൽ മുഴുകി. അൽപം കഴിഞ്ഞ് നോക്കുമ്പോൾ ഭക്ഷണം കഴിച്ചു കഴിഞ്ഞിരിക്കുന്നു. ഇതു സംബന്ധമായി എനിക്ക് തോന്നുന്നത് സാഹിർ സാഹിബ് പറഞ്ഞപ്പോൾ അവർ കേട്ടിട്ടുണ്ടാകുക ഞാൻ ഭക്ഷണം കഴിക്കാൻ പറഞ്ഞിട്ടുണ്ടാകുമെന്നാണ്. കാരണം അൽപം ഉച്ചത്തിൽ പറഞ്ഞാൽ മാത്രമേ കേൾക്കുമായിരുന്നുള്ളൂ. ഖിലാഫത്തിനോടുള്ള അനുസരണം കാരണമായി അവസാന നിമിഷത്തിൽ ഭക്ഷണത്തോട് താത്പര്യമില്ലാതിരുന്നിട്ടു കൂടി ഭക്ഷണം കഴിക്കുകയുണ്ടായി. ഇത്രയും സൂക്ഷ്മമായ രീതിയിലുള്ള അനുസരണമാണ് അവർ പ്രകടിപ്പിച്ചിരുന്നത്.

രോഗശയ്യയിൽ ആയപ്പോൾ തന്റെ വളർത്തു പുത്രനേയും അവരുടെ ഭാര്യയേയും മക്കളേയും അടുത്ത് വിളിച്ച് മൂന്നു മണിക്കൂർ നേരം പല കാര്യങ്ങളെക്കുറിച്ചും ഉപദേശിക്കുകയുണ്ടായി. എന്നിട്ട് അവർ ചെയ്യുന്ന സേവനങ്ങൾക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്തു. യഥാർത്ഥത്തിൽ അവർ ആ മക്കൾക്ക് വേണ്ടി ചെയ്ത സേവനങ്ങൾ എത്രയോ വലുതാണ്.

അല്ലാഹു ഈ കുട്ടിക്കും അദ്ദേഹത്തിന്റെ ഭാര്യമക്കൾക്കും സാഹിബ് സാദാ മിർസാ മുസഫ്ഫർ അഹ്മദ് സാഹിബിന്റെയും സാഹിബ് സാദി അമത്തുൽ ഖയ്യൂം സാഹിബയുടെയും നന്മകൾ നിലനിറുത്തുവാൻ കഴിയുമാറാകട്ടെ; അവരുടെ പ്രാർത്ഥനയുടെ അവകാശികളാക്കി മാറട്ടെ. അവർക്കുണ്ടായിരുന്ന വിനയവും ഭവ്യതയും ഇവർക്കും ഉണ്ടായിത്തീരട്ടെ.

അവർ എഴുതിയ ചില സംഭവങ്ങൾ ഇനി കേൾപ്പിക്കാം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ന്ന് മറ്റു മക്കളോടും സ്നേഹമുണ്ടായിരുന്നെങ്കിലും അവരോട് പ്രത്യേകമായ സ്നേഹമായിരുന്നു. അമത്തുൽ ഖയ്യൂം സാഹിബ എഴുതുന്നു. എന്റെ വിവാഹം കഴിഞ്ഞപ്പോൾ എന്റെ ഭർത്താവിന് ഖലീഫത്തുൽ മസീഹ് സാനി ഇപ്രകാരം എഴുതി; 14 വയസ്സ് വരെ എന്റെ മകളെ ഞാൻ എന്റെ കൈകുമ്പിളിലാണ് വളർത്തിയത്. ആരെങ്കിലും അവളെ നോക്കിയാൽ നോക്കുന്നവന്റെ കണ്ണിൽ സ്നേഹമല്ലാതെ മറ്റെന്തെങ്കിലുമുണ്ടോ എന്നാണ് ഞാൻ നോക്കുക. ഈ കുട്ടിയെ ഞാനിതാ ഇപ്പോൾ താങ്കളുടെ കൈകളിൽ ഏൽപ്പിക്കുന്നു. അവൾക്ക് വല്ല പ്രയാസവും നേരിട്ടാൽ എനിക്കത് സഹിക്കാൻ കഴിയില്ലെന്ന് ഓർക്കണം.( ഇതിന്റെ അർത്ഥം ഖലീഫത്തുൽ മസീഹ് എന്തെങ്കിലും ചെയ്യും എന്നല്ല.)

ജമാഅത്തിലുള്ളവരും ഈ കാര്യം ശ്രദ്ധിക്കണം. പെൺകുട്ടികളെ വിവാഹം ചെയ്തു കൊണ്ടു വരുമ്പോൾ വരനും വരന്റെ വീട്ടുകാരും പെൺകുട്ടിയുടെ വികാരം മാനിക്കേണ്ടതാണ്. അവളുടെ വീട്ടുകാർ വളരെ ലാളിച്ചാണ് ഈ കുട്ടിയെ വളർത്തിയിട്ടുണ്ടാകുക എന്നവർ മനസ്സിലാക്കണം. അമത്തുൽ ഖയ്യൂം സാഹിബ മുൽത്താനിൽ പോയപ്പോൾ ഖലീഫത്തുൽ മസീഹ് എപ്പോഴും കത്തോ കമ്പി സന്ദേശമോ അവർക്ക് അയക്കാറുണ്ടായിരുന്നു.

സാഹിബ് സാദി അമത്തുൽ ഖയ്യൂം സാഹിബ താൻ കണ്ട ഒരു സ്വപ്നം ഇപ്രകാരം വിവരിക്കുന്നു. സ്വപ്നത്തിൽ ആരോ എന്നോട് പറയുന്നു. ഞാൻ നിന്റെ ഉമ്മയേ കൂട്ടിക്കൊണ്ടുപോകാൻ വന്നതാണ്. ഞാൻ കരഞ്ഞുകൊണ്ട് ആഗതനോട് പറഞ്ഞു; നിങ്ങൾ ഉമ്മയെ കൊണ്ട് പോകരുത്. അപ്പോൾ ആഗതൻ പറഞ്ഞു; എന്നാൽ

നിന്റെ ഉപ്പയെ കൊണ്ട് പോകാം . അപ്പോൾ ഞാൻ സ്തബ്ധയായിപ്പോയി. ഞാൻ പറഞ്ഞു; അതു തീരേ പറ്റില്ല.അപ്പോൾ ആഗതൻ പറഞ്ഞു; നിന്റെ ഏതെങ്കിലും ഒരപേക്ഷ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഉമ്മ അല്ലെങ്കിൽ ഉപ്പ. ആഗതൻ എന്നെ നിർബന്ധിച്ചപ്പോൾ ഞാൻ പറഞ്ഞു ; ഉമ്മയെ കൊണ്ടു പൊയ്ക്കോളൂ. അവർ പറയുന്നു; ഈ സ്വപ്നത്തിനു ശേഷം ഞാൻ എപ്പോഴും ഉമ്മയെ ഒട്ടിപ്പിടിച്ചാണ് ജീവിച്ചിരുന്നത്. (അവർക്ക് പത്ത് വയസുള്ളപ്പോഴാണ് ഉമ്മ വഫാത്തായത്. )

എന്നാൽ ഈ സ്വപ്നത്തെക്കുറിച്ച് ഹദ്റത്ത് അമ്മാജാന്ന് അറിയില്ലായിരുന്നു. അത്കൊണ്ട് എന്നെ എപ്പോഴും ഉപദേശിക്കുമായിരുന്നു;നീ എപ്പോഴും ഉമ്മയെ ഒട്ടിപ്പിടിച്ചാണ് കഴിയുന്നത്; ഉപ്പയുടെ അടുത്തും നീ നിൽക്കണം. ഒരിക്കൽ അമ്മാജാൻ അൽപ്പം ശക്തമായ ഭാഷയിൽ തന്നെ ഇത് പറയുകയുണ്ടായി. അമ്മാജാൻ മറ്റൊരിക്കൽ ഇതു സംബന്ധമായി എന്നോട് പറഞ്ഞു; ഞാൻ ദേഷ്യപ്പെട്ട് പറഞ്ഞപ്പോൾ നീ ഭയപ്പെടുകയും ഞാനിനി ഉപ്പയോടൊപ്പം ഒട്ടിപ്പിടിച്ച് നിൽക്കാം എന്നും ജീവിതം മുഴുവനും ഉപ്പയോടൊപ്പം നിൽക്കാം എന്നും പറയുകയും ചെയ്തു. ഈ സംഭവം വിവരിക്കുമ്പോൾ അമ്മാജാന്റെ കണ്ണുകൾ നിറയുമായിരുന്നു.

സേറേ റൂഹാനി എന്ന പ്രസംഗ പരമ്പരക്ക് കാരണമായിത്തീർന്ന ഡൽഹി യാത്രയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ന്റെ കൂടെ ഉണ്ടായിരുന്ന കുട്ടി ഇവരായിരുന്നു. ഡൽഹിയിലുള്ള പുരാവസ്തുക്കൾ കണ്ടുകൊണ്ടിരുന്നപ്പോൾ എനിക്ക് കിട്ടിപ്പോയ് എനിക്ക് കിട്ടിപ്പോയ് എന്ന് ഖലീഫത്തുൽ മസീഹ് സാനി (റ) വിളിച്ചു പറഞ്ഞപ്പോൾ മകൾ ചോദിച്ചു ; എന്താണ് അബ്ബ കിട്ടിയത്? അപ്പോൾ ഹുസൂർ പറഞ്ഞു; എനിക്ക് പലതും കിട്ടിയിട്ടുണ്ട്. എന്നാൽ അതിപ്പോൾ വിവരിക്കാൻ പറ്റില്ല. അല്ലാഹു തൗഫീക്ക് നൽകുകയാണെങ്കിൽ ജൽസാ സാലാനയിൽ ഇത് വിവരിക്കുന്നതാണ്. അപ്പോൾ നീയും കേട്ടു കൊള്ളുക.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ഇവരുടെ വിവാഹ വേളയിൽ ഒരു പദ്യം എഴുതിയിരുന്നു.അതിലെ അൽപം വരികൾ കേൾപ്പിക്കാം. “ അവനോടുള്ള സ്നേഹം കുറയാതിരിക്കട്ടെ;അവനോടുള്ള ബന്ധം മുറിയാതിരിക്കട്ടെ; ആർ വേർപിരിഞ്ഞാലും അവന്റെ കോന്തല കൈവിട്ടു പോകരുത്. ”

അല്ലാഹുമായുള്ള ബന്ധം സ്ഥാപിക്കേണ്ടതിനെക്കുറിച്ചാണ് ഖലീഫത്തുൽ മസീഹ് സാനി (റ) ഇവിടെ വിവരിക്കുന്നത്. വിവാഹത്തിനു ശേഷവും അവർ അല്ലാഹുവുമായുള്ള ബന്ധം നിലനിറുത്തിപ്പോരുകയും സ്ഥിരമായി ദുആ ചെയ്യുകയും ചെയ്തിരുന്നു.

അമേരിക്കയിൽ നിന്ന് ഖുർശീദ് സാഹിബ് എനിക്കെഴുതി; 25 വർഷം മുമ്പ് അദ്ദേഹത്തിന്റെ ഭാര്യ ഒരു സ്വപ്നം കണ്ടിരുന്നു; അവർക്കിങ്ങിനെ ഒരു ശബ്ദം വന്നു; ബീബി അമത്തുൽ ഖയ്യൂം വലിയുല്ലാഹ് ആകുന്നു. അല്ലാഹുവിന്റെതായ ആളുകളുടെ പ്രവർത്തനമായിരുന്നു ഇവരുടേത്. അല്ലാഹു ഇവരുടെ ദർജാത്തുകൾ ഉയർത്തുമാറാകട്ടെ. ജുമുഅ്ആ നമസ്ക്കാരത്തിനു ശേഷം ഇവരുടെ ജനാസ നമസ്ക്കരിക്കുന്നതാണ്.

മറ്റൊരു ജനാസ മേജർ അഫ്സാർ അഹ്മദ് സാഹിബിന്റെതാണ്. ജൂൺ 19 ന് താലിബാന്നെതിരിലുള്ള ഓപ്പറേഷനിൽ പാക്കിസ്ഥാനിൽ ശഹീദായി. ഇദ്ദേഹത്തിന്റെ കേണൽ പറയുന്നു; ഓപ്പറേഷൻ നടപടികൾ നടന്നു കൊണ്ടിരിക്കെ ഇദ്ദേഹത്തിന്റെ കാലിന് വെടിയേറ്റു. മുറിവ് ഉണങ്ങിയിട്ട് മുന്നോട്ട് പോകാം എന്ന് അദ്ദേഹത്തോട് പറഞ്ഞെങ്കിലും ധീരതയോടെ പൊരുതിക്കൊണ്ട് അദ്ദേഹം മുന്നോ ട്ട് കുതിക്കുകയും അങ്ങിനെ രക്തസാക്ഷിത്വം വരിക്കുകയുമാണ് ചെയ്തത്. അദ്ദേഹത്തിന്റെ പൂർവ്വ പിതാവ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. ഇദ്ദേഹം റാവൽപിണ്ഢി ജമാഅത്തിലെ സജീവ പ്രവർത്തകനായിരുന്നു. ഭാര്യയും ഒരു വയസ്സുള്ള ഒരാൺകുട്ടിയും നാല് വയസ്സുള്ള ഒരു പെൺകുട്ടിയുമുണ്ട്. പൂർ ണ്ണമായ സൈനിക ബഹുമതികളോടെയാണ് അന്ത്യകർമ്മങ്ങൾ നടന്നത്. സൈന്യത്തിലെ മുതിർന്ന ഉദ്യോഗസ്തൻമാർ ചടങ്ങിൽ പങ്കെടുത്തിരുന്നു.

പാക്കിസ്ഥാനികൾ പറയാറുള്ളത് അഹ്മദികൾ നാടിന്റെ ശത്രുക്കളാണെന്നാണ്. എന്നാൽ നാടിന് വേണ്ടി ത്യാഗങ്ങൾ വരിക്കേണ്ടി വരുന്ന സ്ഥലങ്ങളിലെല്ലാം അഹ്മദികളെ നിങ്ങൾക്ക് മുന്നണിപ്പോരാളിക ളായി കാണാം. പ്രസിഡന്റിൽ നിന്നും പ്രധാനമന്ത്രിയിൽ നിന്നും അദ്ദേഹത്തിനു വേണ്ടി റീത്ത് സമർപ്പിക്കുകയുണ്ടായി. അഹ്മദികൾ രാജ്യത്തിന്റെ ശത്രുക്കളായിരുന്നെങ്കിൽ പ്രസിഡന്റിനേയും പ്രധാനമന്ത്രിയേയും, റബ്വയിൽ വന്ന സൈനിക മേലുദ്യോഗസ്ഥരേയും നിങ്ങളാദ്യം പിടികൂടുക.

മറ്റൊരു ജനാസ അഹ്മദ് ജമാൽ സാഹിബിന്റെതാണ്. മെയ് 19 ന് റബ്വയിലെ ഒരു പുഴയോരത്ത് പിക്നിക്കിന് പോയതായിരുന്നു. കൊള്ളക്കാർ വന്ന് കൊള്ളയടിക്കുകയും വെടിവെക്കുകയും ചെയ്തു. തലക്ക് രണ്ട് വെടിയേറ്റിട്ടുണ്ട്. അവിടെവെച്ചു തന്നെ ശഹീദാകുകയുണ്ടായി. 19 വയസ്സായിരുന്നു. വഖ്ഫെ നൗവിൽ അംഗമായിരുന്നു. മൂസിയായിരുന്നു.ഖുദ്ദാമുൽ അഹ്മദിയ്യായുടെ സജീവപ്രവർത്തകനുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

ഖാലിദ് റശീദ് സാഹിബ്, സഫർ ഇഖ്ബാൽ സാഹിബ് എന്നിവരും കോയിട്ടയിൽ ശഹീദായെന്ന് ഇന്നലെ വിവരം ലഭിച്ചിട്ടുണ്ട്. തന്റെ ജോലിക്കാരനായ സഫർ ഇഖ്ബാൽ സാഹിബിനെ വീട്ടിൽ വിടാൻ ഖാലിദ് റശീദ് സാഹിബ് പോയതായിരുന്നു. കാറിൽ നിന്ന് ഇറങ്ങിയ ഉടനെ ആരോ വെടിവെക്കുകയും ഇരുവരും ശഹീദാകുകയും ചെയ്തു. സഹോദരൻ ശബ്ദം കേട്ട് പുറത്തിറങ്ങിയപ്പോൾ അദ്ദേഹത്തേയും വെടിവെച്ചെങ്കിലും അദ്ദേഹത്തിന് കൊണ്ടില്ല.

ഒന്നുകിൽ അഹ്മദികളെ ടാർഗറ്റ് വെച്ചുകൊണ്ടുള്ള കൊലപാതകമാണ്. അതല്ലെങ്കിൽ പഞ്ചാബികളും ബലൂച്ചികളും തമ്മിലുള്ള സംഘട്ടനത്തിന്റെ ഭാഗമാണ്. അല്ലാഹു ഇരുവർക്കും മഗ്ഫിറത്ത് നൽകുമാറാകട്ടെ. ഇവരുടെ എല്ലാവരുടെയും ജനാസ ഞാൻ നമസ്ക്കരിക്കുന്നതാണ്.

**വിവർത്തനം**
എം. നാസർ അഹ്മദ്
മുബല്ലിഗ് – എറണാകുളം
PHONE : 9497343704

KHUTHBA:
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 26 - 06 - 2009 at**
**Baithul Futuh, U.K**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**